**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*92 11.02.2016 -ലെ

മറുപടിയ്ക്ക്

# ആഗോള വിദ്യാഭ്യാസ സംഗമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ<br>,, എ.കെ.ബാലൻ<br>,, കെ.സുരേഷ് കുറുപ്പ്<br>ഡോ. കെ. ടി. ജലീൽ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നടക്കുന്ന ആഗോള വിദ്യാഭ്യാസ സംഗമത്തിന്റെ നടത്തിപ്പിലെ പങ്കാളികൾ ആരൊക്കെയാണ്; വിശദമാക്കാമോ; സംഗമത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; | (എ) | ആഗോള വിദ്യാഭ്യാസ സംഗമത്തിന്റെ നടത്തിപ്പിലെ പങ്കാളികൾ ഉന്നത വിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രീസ് എന്നിവരാണ്. ആഗോള വിദ്യാഭ്യാസ സംഗമത്തിന്റെ ഉദ്ദേശ്യങ്ങൾ താഴെ ചേർത്തിരിക്കുന്നു.<br>(a) വിദ്യാഭ്യാസത്തിന്റെ അന്തർദേശീയവൽക്കരണം<br>(b) അക്കാദമിക് സിറ്റിയുടെ രൂപീകരണം<br>(c) അന്തർദേശീയ ഉന്നത അക്കാദമിക് സോൺ<br>(d) ഉന്നതവിദ്യാഭ്യാസ രംഗത്ത് അന്തർദേശീയ വൈദഗ്ദ്യം ഉൾപ്പെടുത്തികൊണ്ടുള്ള വിദഗ്ധ തൊഴിൽ പരിശീലനകോഴ്സുകൾ |
| (ബി) | വിദ്യാഭ്യാസ നയങ്ങൾ കച്ചവടതാല്പര്യത്തോടെ നടപ്പാക്കുകയാണെങ്കിൽ പ്രസ്തുത രംഗത്തെ മികവും സാമൂഹ്യ നീതിയും അട്ടിമറിക്കപ്പെടും എന്ന | (ബി) | കച്ചവട താല്പര്യത്തോടെയല്ല ഉന്നത വിദ്യാഭ്യാസ നയങ്ങൾ നടപ്പാക്കുന്നത്. |

| | | | |
|---|---|---|---|
| | കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | ഇത്തരത്തിലുള്ള നീക്കം സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും സ്ഥാപനങ്ങളുടെയും ഭൂമിയും പണവും വിദേശ സ്വകാര്യ സ്ഥാപനങ്ങൾക്ക് അടിയറ വെയ്ക്കാൻ ഇടയാക്കും എന്നത് കണക്കിലെടുത്തിട്ടുണ്ടോ; | (സി) | സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും സ്ഥാപനങ്ങളുടെയും ഭൂമിയും പണവും വിദേശ സ്വകാര്യ സ്ഥാപനങ്ങൾക്ക് അടിയറവയ്ക്കുന്നില്ല. |
| (ഡി) | കയറ്റുമതി-സംസ്കരണ മേഖലയുടെ രീതിയിൽ സൃഷ്ടിക്കപ്പെടുന്ന അനിയന്ത്രിത ഉന്നതവിദ്യാഭ്യാസ മേഖല, പ്രസ്തുത രംഗത്ത് ഇന്നുള്ള അവകാശങ്ങളെ ഇല്ലാതാക്കും എന്നകാര്യം പരിശോധിച്ചിട്ടുണ്ടോ; | (ഡി) | ഇത്തരത്തിലുള്ള തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല. |
| (ഇ) | ഇത്തരം നടപടികൾക്ക പകരം, ഇന്നുള്ള ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | | വിദ്യാഭ്യാസ മികവ് തന്നെയാണ് ലക്ഷ്യം. അതിന്റെ ഭാഗമായ ഒരു ചർച്ച മാത്രമാണ് ആഗോള വിദ്യാഭ്യാസ സംഗമത്തിൽ നടന്നത്. |

**സെക്ഷൻ ഓഫീസർ**